# മലങ്കര ഓർത്തഡോക്സ് ഹെറാൾഡ്

A WEEKLY PUBLICATION OF THE FAITH & CULTURE FELLOWSHIP DEVALOKAM KOTTAYAM 686 038 KERALA

PHONE 8499 8234

വാല്യം 5 | 1988 മാർച്ച് 19 | ലക്കം [illegible]


# മൂറോൻ കൂദാശ: ഒരുക്കങ്ങൾ പൂർത്തിയാകുന്നു

സ്ററാഫ് എഡിററർ

കോട്ടയം: ദേവലോകം അരമന ചാപ്പലിൽ മാർച്ച് 25 നാൽപതാം വെള്ളിയാഴ്ച, ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷൻ പ. ബസ്സേലിയോസ് മർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ തിരുമനസ്സുകൊണ്ട് നടത്തുന്ന മൂറോൻ കൂദാശയ്ക്കുള്ള ഒരുക്കങ്ങൾ പൂർത്തിയായി വരുന്നു.

ഒരുക്കങ്ങൾക്ക് ജോസഫ് മാർ പക്കോമിയോസ്, ഗീവർഗീസ് മാർ ഈവാനിയോസ്, മാത്യൂസ് മാർ എപ്പിഫാനിയോസ് എന്നീ മെത്രാപ്പോലീത്തന്മാർ നേതൃത്വം നൽകി വരുന്നു. പരിശുദ്ധ മൂറോൻ തൈലം നിർമ്മിക്കുന്നതിലേക്ക് വിദേശത്തുനിന്നും വരുത്തിയിട്ടുള്ള അസംസ്കൃത പദാർത്ഥങ്ങൾ അരമന മാനേജർ സി കെ. ജോസഫ് റമ്പാൻെറ നേതൃത്വത്തിൽ നിയോഗിതരായിട്ടുള്ള വൈദികരുടെ ഒരു സംഘം പാകപ്പെടുത്തിവരുന്നു.

ദേവലോകം അരമനച്ചാപ്പലിനു ചുററും പതിനായിരത്തോളം പേർക്ക് പങ്കെടുക്കാവുന്ന പന്തലിൻെറ ക്രമീകരണങ്ങൾക്ക് ഫാ. കെ. വി. ജോസഫ്, ഫാ. കെ. വി. ഗീവർഗീസ്, സഭാ ട്രസ്റ്റി പി. സി. ഏബ്രഹാം സഭാ സെക്രട്ടറി പോൾ മത്തായി എന്നിവരെ നിയോഗിച്ചു.

ചടങ്ങിൽ പങ്കെടുക്കുന്നവർക്ക് ഉച്ചഭക്ഷണത്തിനുള്ള ക്രമീകരണവും ചെയ്തിട്ടുണ്ട്. ഭക്ഷണക്കമ്മററിയുടെ കൺവീനറായി ഫാ. ഏബ്രഹാം പാറമ്പുഴയാണ് നിയോഗിതനായിട്ടുള്ളത്.

ചടങ്ങിൽ പങ്കെടുക്കുന്ന ഭക്തജനങ്ങൾക്ക് ശുശ്രൂഷകൾ കാണുവാൻ ഷോർട്ട സർക്യൂട്ട് ടെലിവിഷൻ ഏർപ്പെടുത്തുന്നതിലേക്ക് സഭാ സെക്രട്ടറി പോൾ മത്തായി നിയോഗിതനായി.

ബൽസാംബദ, ജടാമാഞ്ചി സ്റ്റോറാക്സ്, കുങ്കുമപ്പൂവ് തുടങ്ങി നിരവധി ഇനങ്ങളാണ് തൈല നിർമ്മാണത്തിനു ഉപയോഗിക്കുന്നത്. പ്രാർത്ഥനകൾ ഉരുവിട്ടുകൊണ്ട് ചേരുവകൾ അരിഞ്ഞുകൂട്ടുന്നതാണ് തൈലനിർമ്മാണത്തിൻെറ ആദ്യപടി.

അസംസ്കൃത പദാത്ഥങ്ങൾക്ക് ഇപ്പോൾ $1\frac{1}{2}$ ലക്ഷത്തോളം രൂപാ ചിലവിട്ടുകഴിഞ്ഞു.

വി. മൂറോൻ സഭയിൽ ദേവാലയങ്ങളുടെ കൂദാശയ്ക്കും മാമോദീസായ്ക്കുമാണ് ഉപയോഗിക്കുക. പരിശുദ്ധാത്മാവിൻെറ ആവാസസൂചകമാണ് വി. മൂറോൻ.

ഓർത്തഡോക്സ് സഭകളിൽ മാത്രം പതിവുള്ള വി. മൂറോൻ സഭയുടെ പരമാദ്ധ്യക്ഷന്മാരായ പാത്രിയർക്കീസ്, കാതോലിക്കാ സ്ഥാനികൾ മാത്രം കൂദാശ ചെയ്യുന്നു.

പരിശുദ്ധാത്മ ശക്തിയുടെ നിറവ് സഭയിൽ ഉണ്ടാകുന്നതിനും പ. മൂറോൻ കൂദാശ പരിപൂർണ്ണമായി അനുഗ്രഹപ്രദമാകുന്നതിനും സഭാമക്കൾ മുട്ടിപ്പായി പ്രാർത്ഥിക്കണമെന്നും കൂദാശയിൽ വൈദികരും ജനങ്ങളും സംബന്ധിച്ച് അനുഗ്രഹങ്ങൾ പ്രാപിക്കണമെന്നും പ. ബാവാ തിരുമനസ്സിലെ ഒരു കല്പനയിൽ പറയുന്നു.

## ഓർമ്മപെരുന്നാൾ വിപുലമായി ആചരിക്കും: പ. സുന്നഹദോസ്

സ്റ്റാഫ് എഡിററർ

ദേവലോകം അരമന ചാപ്പലിൽ കബറടങ്ങിയിട്ടുള്ള പരിശുദ്ധ ബസേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ ഓർമ്മപ്പെരുന്നാൾ വിപുലമായി ആചരിക്കണമെന്നു പ. എപ്പിസ്കോപ്പൽ സുന്നഹദോസ് തീരുമാനിച്ചു. അതിനായി നിയുക്ത കാതോലിക്കാ മാത്യൂസ് മാർ കൂറിലോസ് അദ്ധ്യക്ഷനായി കമ്മിററിയെ തിരഞ്ഞെടുത്തു. ജനുവരി 2, 3 തീയതികളിലാണ് ഓർമ്മപ്പെരുന്നാൾ.

## മൈലപ്രാപള്ളി കൺവൻഷൻ

മൈലപ്രാ: സെൻറ് ജോർജ് ഓർത്തഡോക്സ് വലിയപള്ളി കൺവൻഷൻ ഫെബ്രുവരി 11 മുതൽ 14 വരെ തീയതികളിൽ നടന്നു.

കൺവൻഷനിൽ ഫാ. കുര്യൻ ദാനിയേൽ, ഫാ. തോമസ് കുര്യൻ, ഫാ. പി. എൻ. പോൾ, ഫാ. ബർത്തിലോമാ ജോർജ് എന്നിവർ പ്രസംഗിച്ചു.

ഫെബ്രുവരി 14-ന് ചേർന്ന ആദ്ധ്യാത്മിക സംഘടനകളുടെ വാർഷികത്തിൽ അലക്സ് കുരമ്പിൽ കോർ എപ്പിസ്കോപ്പാ അദ്ധ്യക്ഷതവഹിച്ചു.

പാക്കോ കെ. മാത്യു പ്രസംഗിച്ചു.

വികാരി ഫാ. ജേക്കബ് ദാനിയേൽ കൃതജ്ഞത പറഞ്ഞു.

## വാർഷികം ആഘോഷിച്ചു

കുന്നംകുളം: മെയിൻറോഡ് സെൻറ് ഗ്രീഗോറിയോസ് പള്ളി സണ്ടേസ്കൂൾ, ബാലസമാജം എന്നിവയുടെ വാർഷികവും സമ്മാനദാനവും നടന്നു.

ചടങ്ങിൽ ഫാ. സ്റ്റീഫൻ ഒ. ഐ. സി. അദ്ധ്യക്ഷത വഹിച്ചു. കെ. സി. ജോൺ മാസ്റ്റർ പ്രസംഗിച്ചു.

കെ.സി. ലോറൻസ് സ്വാഗതവും സി. വി. ഉല്ലാസ് കൃതജ്ഞതയും പറഞ്ഞു.

## കശ്ശീശാ പട്ടം സ്വീകരിച്ചു

മുളന്തുരുത്തി: ഡീക്കൻ തോമസ് മ്യാലിൽ മാർച്ച് 13-നു കണ്ടനാട്ട് ഭദ്രാസന മെത്രാപ്പോലീത്ത ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലിത്തായിൽ നിന്നും മുളന്തുരുത്തി സെൻറ് തോമസ് കാതോലിക്കേററ് സെൻററിൽ വച്ച് കശ്ശീശാ പട്ടം സ്വീകരിച്ചു.

## വിദ്യാർത്ഥി പ്രസ്ഥാനം മാർഗ്ഗനിർദ്ദേശക ക്യാമ്പ്

മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് വിദ്യാർത്ഥി പ്രസ്ഥാനത്തിൻെറ ആഭിമുഖ്യത്തിൽ 9-ാം ക്ലാസ്സിലെ ഏററവും കൂടുതൽ മാർക്കു വാങ്ങുന്ന സഭാംഗങ്ങളായ വിദ്യാർത്ഥിനി വിദ്യാർത്ഥികൾക്കുവേണ്ടിയുള്ള വിദ്യാഭ്യാസ മാർഗ്ഗനിർദ്ദേശക ക്യാമ്പ് 1988 ഏപ്രിൽ 10 മുതൽ 17 വരെ പരുമല സെമിനാരിയോടനുബന്ധിച്ചുള്ള ധ്യാനമന്ദിരത്തിൽ വച്ചു നടത്തപ്പെടുന്നതാണ്. 9-ാം ക്ലാസ്സിൽ 60% കൂടുതൽ മാർക്കുള്ളവർക്ക് അപേക്ഷിക്കാവുന്നതാണ്. ഏററവും കൂടുതൽ മാർക്കുള്ള 50 കുട്ടികൾക്കു മാത്രമേ ക്യാമ്പിൽ പങ്കെടുക്കുന്നതിനു സൗകര്യം ഉണ്ടായിരിക്കയുള്ളു. അപേക്ഷാഫോറത്തിനും കൂടുതൽ വിവരങ്ങൾക്കും 70 പൈസ സ്റ്റാമ്പൊട്ടിച്ച് കവർ സഹിതം ഫാ. തോമസ് കുര്യൻ ഓർത്തഡോക്സ് സ്ററുഡൻറ് സെൻ്റർ, കോട്ടയം- 686 001 എന്ന വിലാസത്തിൽ ബന്ധപ്പെടേണ്ടതാണ്.


മാർച്ച് 25-നു് പ്രകാശനം ചെയ്യുന്നു.

### വചനത്തിൻെറ സുവർണ്ണം

**പ. ബസേലിയോസ് മർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ ഫാ. വി. കെ. മാത്യൂസ് ആയിരുന്നപ്പോൾ തയ്യാറാക്കിയ 52 ഞായറാഴ്ചകളിലേക്കുള്ള 100-ൽ പരം പ്രഭാഷണങ്ങൾ പുസ്തകരൂപത്തിൽ.**

മൂറോൻ കൂദാശാ ദിവസം പ്രകാശനം ചെയ്യുന്നു.

സൈസ് $\frac{1}{2}$ ഡമ്മി വില 50 രൂപാ

പ്രകാശന ദിവസം 40 രൂപാ മാത്രം

ഒരു ഹെറാൾഡ് പ്രസിദ്ധീകരണം


## ശിലാസ്ഥാപന കർമ്മം

ചാത്തന്നൂർ: അടുതല സെൻറ് ജോർജ് ഓർത്തഡോക്സ് പള്ളി വകയായി ഇടനാട്ട് ജംഗ്ഷനു സമീപത്തുള്ള സ്ഥലത്ത് നിർമ്മിക്കുന്ന കുരിശടിയുടെ ശിലാസ്ഥാപനകർമ്മം തിരുവനന്തപുരം ഭദ്രാസന മെത്രാപ്പോലീത്താ ഗീവർഗീസ് മാർ ദീയസ്കോറോസ് ജനുവരി 4-നു് നിർവ്വഹിച്ചു.

തുടർന്നു ചേർന്ന പൊതുസമ്മേളനത്തിൽ ഭദ്രാസന സെക്രട്ടറി ഫാ. തോമസ് തേക്കിൽ അദ്ധ്യക്ഷതവഹിച്ചു. ഫാ. കെ. ഗീവർഗീസ്, പ്രൊഫ. പി. ഒ. ജോൺ, ഡി. വിശ്വംഭരൻ, ജേക്കബ് തോമസ് എന്നിവർ പ്രസംഗിച്ചു.

പള്ളി ട്രസ്റ്റി കുഞ്ഞപ്പി കൃതജ്ഞത പറഞ്ഞു.

നെടുങ്ങോട്ട മേലേതിൽ പരേതനായ കോശിമുതലാളിയുടെ സഹധർമ്മിണി ഏലിയാമ്മ കോശിയാണ് ഈ സ്ഥലം പള്ളിക്കുവേണ്ടി സംഭാവന ചെയ്തതു്.

